(സി) പ്രസ്തുത സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും കുറ്റക്കാരെ കണ്ടെത്താനും സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് നിരീക്ഷിക്കുന്നതിനുമായി ജില്ലകൾ തോറും സൈബർ സെല്ലുകളും തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും എക്സിബിഷനുകളിലൂടെയും പൊതുജനങ്ങൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകിവരുന്നു. കൂടാതെ ഇത്തരം നിയമ വിരുദ്ധ പ്രവർത്തനം ചെയ്യുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

ചടയമംഗലത്തെ ക്രൈം നമ്പർ 1843/2015 കേസ്സേഷണം

246 (3758) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ:1843/2015 ന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) കുറ്റവാളികളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സി.പി.ഐ. യുടെ കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് മെമ്പറും ചടയമംഗലം മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. മുസ്തഫ, എ. എം. ഹൗസ്, പോരേടം എന്ന ആളുടെ വീട്ടുമുറ്റത്ത് ആരോ കുറുകരമായി പ്രവേശിച്ച് വീടിന്റെ മുൻവശമുള്ള ജനലിന്റെ മദ്ധ്യഭാഗത്തുള്ള മൂന്ന് ഗ്ലാസുകൾ പാറക്കല്ലുകൊണ്ട് ഇടിച്ചുപൊട്ടിച്ച് 4000 രൂപയുടെ നഷ്ടമുണ്ടായതായി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1843/2015 U/s. 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. ഇതുവരെ ടി കേസിലെ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല.

(ബി&സി) ഫിംഗർ പ്രിന്റ് ബ്യൂറോ, ഡോഗ് സ്ക്വാഡ്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി ടി കേസിലെ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly